# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ : 711 24.01.2018-ൽ മറുപടിക്ക്**

**<u>അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. അനിൽ അക്കര | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണസമിതിയെ അന്വേഷണ വിധേയമായി ആറ് മാസത്തേക്ക് സസ്പെന്റ് ചെയ്യുകയും വീണ്ടും ആറ് മാസത്തേക്ക് സസ്പെൻഷൻ ദീർഘിപ്പിക്കുകയും ചെയ്തത് സഹകരണ വകുപ്പിലെ ഏത് ചട്ടത്തിന്റെയും നിയമത്തിന്റെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | എ | അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയെ 12/04/2017 ലെ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ സി.ആർ.പി.6567/2016 ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും തുടർന്ന് 10/10/2017 ലെ സി.ആർ.പി.6567/2016 ഉത്തരവ് പ്രകാരം സസ്പെൻഷൻ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തത് കേരള സഹകരണ നിയമം വകുപ്പ് 32 ന്റെ അടിസ്ഥാനത്തിലാണ്. |
| ബി | അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിലവിൽ വോട്ടവകാശമുള്ള എത്ര ഓഹരി ഉടമകൾ ഉണ്ട്; ഇവരുടെ പേര് വിവരം വ്യക്തമാക്കുമോ; | ബി | അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2011-12 വർഷം വരെ ആഡിറ്റ് പൂർത്തീകരിച്ച് അംഗീകരിക്കപ്പെട്ട ആഡിറ്റ് റിപ്പോർട്ട് പ്രകാരം 24095 വോട്ടവകാശമുള്ള അംഗങ്ങൾ ഉണ്ടായിരുന്നു. ആഡിറ്റ് റിപ്പോർട്ട് പ്രകാരം വോട്ടവകാശമുള്ള അംഗങ്ങളുടെ പേരുവിവരം ലഭ്യമല്ലാത്തതിനാൽ ഈ വിവരം സമർപ്പിക്കുന്നതിന് സാധിക്കുന്നില്ല. 01/10/2014 മുതൽ ബാങ്കിന്റെ കണക്കുകൾ അതുവരെ ഉപയോഗിച്ചുവന്നിരുന്ന സോഫ്റ്റ് വെയറിൽ മാറ്റം വരുത്തി പുതിയ സോഫ്റ്റ് വെയറിലേയ്ക്ക് മാറ്റുകയുണ്ടായി. ഇങ്ങനെ മാറ്റിയപ്പോൾ ശരിയായ രീതിയിലുള്ള മൈഗ്രേഷൻ നടപടികൾ പൂർത്തിയാക്കിയിരുന്നില്ല. 30/09/2014 വരെയുണ്ടായിരുന്ന ബാങ്കിന്റെ പ്രവർത്തനങ്ങൾ പഴയ സോഫ്റ്റ് വെയറിൽ നിലനിർത്തിയെങ്കിലും പിന്നീട് നടന്ന പരിശോധനയിൽ ഈ സോഫ്റ്റ് വെയർ സംവിധാനത്തിൽ നിന്ന് യാതൊരു കണക്കുകളും ലഭ്യമായിട്ടില്ല. പഴയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഹാർഡ് ഡിസ്കിൽ കൃത്രിമം നടന്നിരുന്നു. പഴയ സോഫ്റ്റ് വെയറിൽ നിന്നും കണക്കുകൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 30/09/2014 ന് മുമ്പുള്ള വിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ സംഘം പ്രവർത്തനമാരംഭിച്ചത് മുതൽക്കുള്ള അംഗങ്ങളുടെ രേഖകളും ലിസ്റ്റും കൃത്യമായി തയ്യാറാക്കാൻ കഴിയുകയുള്ളൂ. അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്കിലെ കമ്പ്യൂട്ടറിൽ |

| | | | |
|---|---|---|---|
| | | | കണക്കുകൾ സൂക്ഷിക്കുമ്പോൾ ബാങ്ക് സഹകരണ ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ലഡ്ജറുകൾ, നാൾവഴി, ഉപനാൾവഴി, ജനറൽ ലഡ്ജർ എന്നിവ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അംഗത്വ രജിസ്റ്ററിൽ ക്രമക്കേടുകൾ നടന്നതിനാൽ ടി സഹകരണ സംഘത്തിൽ നിലവിൽ എത്ര യഥാർത്ഥ ഓഹരി ഉടമകൾ ഉണ്ട് എന്ന് നിർണ്ണയിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ടി സഹകരണ ബാങ്കിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിൽ നിന്നും 09/09/2016 ലെ ഉത്തരവ് പ്രകാരമുള്ള 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ മേൽ പറഞ്ഞ വിഷയങ്ങളിൽ തുടർ അന്വേഷണം നടത്തുന്നതിന് സാധിച്ചിട്ടില്ല. |
| സി | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനു ശേഷം വോട്ടവകാശമുള്ള പുതിയ അംഗങ്ങൾക്ക് ഓഹരി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുവിവരം വ്യക്തമാക്കുമോ; | സി | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനു ശേഷം വോട്ടവകാശമുള്ള പുതിയ അംഗങ്ങളെ ചേർത്തിട്ടില്ലാത്തതാണ്. |
| ഡി | പ്രസ്തുത ബാങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നശേഷം വോട്ടവകാശമുള്ള ഏതെങ്കിലും അംഗങ്ങളുടെ അംഗത്വം റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരു വിവരവും റദ്ദ് ചെയ്യാനുള്ള കാരണവും വ്യക്തമാക്കുമോ; | ഡി | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനു ശേഷം വോട്ടവകാശമുള്ള പുതിയ അംഗങ്ങളുടെ അംഗത്വം റദ്ദ് ചെയ്തിട്ടില്ല. |
| ഇ | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക് ആവശ്യമായി വന്നിട്ടുള്ള തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; അഡ്മിനിസ്ട്രേറ്റർ എന്ന ബോർഡ് വച്ച് ബാങ്കിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് അനുമതി നൽകി യിട്ടുണ്ടോ; ഈ വാഹനം ബാങ്കിന്റെ പ്രവർത്തന പരിധിക്കപ്പുറത്തേക്ക് ഓടി യിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കുമോ? | ഇ | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക് ആവശ്യമായ തുക ഒന്നും സംഘം ചെലവ് ചെയ്തിട്ടില്ല. അഡ്മിനിസ്ട്രേറ്റർ എന്ന ബോർഡ് വച്ച് ബാങ്കിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടില്ല. ബാങ്കിന്റെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് വേണ്ടി ബാങ്കിന്റെ വാഹനങ്ങൾ ബാങ്കിന്റെ പ്രവർത്തന പരിധിക്ക് പുറത്തേക്ക് ഓടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**